## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

21/07/2015 - ൽ മറുപടിക്ക്.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4168

### വൈപ്പിൻ-പള്ളിപ്പുറം തീരദേശപാത പുനരുദ്ധാരണത്തിന് ജിഡ ഫണ്ട്

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈപ്പിൻ-പള്ളിപ്പുറം തീരദേശപാത പുനരുദ്ധാരണത്തിന്റെ ഭാഗമായി നായരമ്പലം ഭാഗത്തെ പ്രവൃത്തികൾക്ക് ജിഡയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഇല്ല. |
| (ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിലുള്ള തടസ്സമെന്തെന്ന് വിശദമാക്കുമോ; | (ബി) & (സി) ഞാറയ്ക്കൽ മുതൽ കുഴുപ്പിള്ളി വരെയുള്ള 2nd റീച്ച് റോഡിന്റെ നിർമ്മാണം ആരംഭിച്ചിരുന്നു. എന്നാൽ പരിസരവാസികളുടെ എതിർപ്പിനെതുടർന്ന് നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നു. കൂടാതെ കടലിൽ നിന്നും സംരക്ഷണ ഭിത്തി നിർമ്മിക്കാനുള്ളതിനാൽ 3-4 മീറ്റർ വിട്ട് വേണം റോഡ് നിർമ്മാണം നടത്തുവാൻ പാടുള്ളൂ എന്ന് ഇറിഗേഷൻ വകുപ്പ് അറിയിച്ചിരിക്കുന്നു. ഇപ്രകാരം സ്ഥലം വിട്ടുമ്പോൾ റോഡിന് 2-3 മീറ്റർ വീതിയേ ലഭ്യമാകുകയുള്ളൂ. കൂടുതൽ വീതിയിൽ റോഡ് നിർമ്മിക്കണമെങ്കിൽ സ്ഥലം ഉടമകളിൽ നിന്നും ഏറ്റെടുക്കേണ്ടിവരുന്ന സാഹചര്യമാണ്. മേൽ പ്രസ്ഥാവിത പ്രശ്നങ്ങൾ പരിഹരിച്ചു കഴിഞ്ഞാൽ മാത്രമേ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) പ്രസ്തുത പ്രവൃത്തി പൂർണ്ണമായ തോതിൽ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ.